(ഇ) 300 റിസോഴ്സ് ടീച്ചർമാരെ 14 ജില്ലകളിലായി മാർച്ച് മാസത്തിൽ നിയമിക്കുന്നുണ്ട്. സന്നദ്ധസംഘടനകളിലൂടെ 12 അദ്ധ്യാപകരെ വിവിധ ജില്ലകളിൽ വർഷാരംഭത്തിൽ തന്നെ നിയമിച്ചിട്ടുണ്ട്.

(എഫ്) റിസോഴ്സ് ടീച്ചർ സാധാരണ സ്കൂളുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകും. ഡയറ്റ് മുഖേന 5 ദിവസത്തെ അദ്ധ്യാപക പരിശീലനം എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്.

(ജി) ഇല്ല.

വിദ്യാഭ്യാസമേഖല ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത

29 (*269) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീമതി കെ. കെ. ശൈലജടീച്ചർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസമേഖല ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) വിദ്യാഭ്യാസ മേഖലയിലെ ഗുരുതരമായ പ്രതിസന്ധിയുടെ കാരണങ്ങളെ കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) അഞ്ചാം പഞ്ചവത്സരപദ്ധതി മുതൽ വിദ്യാഭ്യാസ മേഖലയിലെ ചെലവ് കുറഞ്ഞു വരുന്നതാണ് വിദ്യാഭ്യാസമേഖലയിൽ നിലനില്ക്കുന്ന പ്രതിസന്ധിയ്ക്കു കാരണം എന്ന പഠന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മൊത്തം വിദ്യാഭ്യാസ് ചെലവിന്റെ എത്ര ശതമാനമാണ് മൂലധന ചെലവുകൾക്കായി ചെലവഴിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ഇതിനുള്ള ശ്രമങ്ങളാണു നടന്നു വരുന്നത്. പ്രീഡിഗ്രി വേർപ്പെടുത്തലും സ്കൂൾ കരിക്കുലം പരിഷ്കരണവുമെല്ലാം ഇതിന്റെ ഭാഗമാണ്.

(ബി) ഗുരുതരമായ പ്രതിസന്ധിയുണ്ടെന്ന് സർക്കാർ കരുതുന്നില്ല. നിലവിലുള്ള വിവിധ പ്രശ്നങ്ങളെ കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇത് 0.13 ശതമാനമാണ്.

സംരക്ഷിത സ്മാരകങ്ങൾ

30 (*270) ശ്രീ. പി. നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. യു. എസ്. ശശി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണത്തിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര സംരക്ഷിത സ്മാരകങ്ങളുണ്ട് ;

(സി) മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സംരക്ഷിത സ്മാരകങ്ങൾ എത്ര ; അവ ഏതെല്ലാം ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) സംരക്ഷിത സ്മാരകങ്ങളുടെ തനിമ നിലനിറുത്തിക്കൊണ്ട് കാലാകാലങ്ങളിൽ കെമിക്കൽ കൺസർവേഷൻ, സ്ട്രക്ചറൽ കൺസർവേഷൻ എന്നിവ ചെയ്തു കേടുപാടുകൾ സംഭവിക്കാതെ സംരക്ഷിച്ചു വരുന്നു.

(ബി) 83 (ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു)†

(സി) 28 സംരക്ഷിത സ്മാരകമായ ആലുവ യു.സി. കോളേജിലെ പഴയ കച്ചേരി മാളിക അധ്യായനം നടത്തുവാനും സംരക്ഷിത സ്മാരകങ്ങളിൽ ഉൾപ്പെട്ട 27 ക്ഷേത്രങ്ങളിൽ പൂജ നടത്തുന്നതിനും ഉപയോഗിക്കാറുണ്ട്. (ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു.)†

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുവാൻ നടപടി

1 (1190) ശ്രീ. പി. വിശ്വൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് എത്ര വീടുകൾ നിർമ്മിക്കാനാണ് ഫിഷറീസ് വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണപദ്ധതികൾ പ്രകാരം നടപ്പുവർഷം 3857 വീടുകളുടെ നിർമ്മാണ പ്രവർത്തനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) വ്യക്തമാക്കാം. വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു†.

---

† അനുബന്ധം II (1, 2)
† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[ചോദ്യം 28 (*268) കാണുക]

സംയോജിത വിദ്യാഭ്യാസ പദ്ധതിപ്രകാരം വിദ്യാർത്ഥികൾക്ക് നല്കുന്ന ആനുകൂല്യങ്ങൾ

1. സാമ്പത്തികം

ബുക്സും സ്റ്റേഷനറിയും	–	400 രൂപ പ്രതിവർഷം
യൂണിഫോം	–	200 രൂപ പ്രതിവർഷം
യാത്രാബത്ത	–	500 രൂപ പ്രതിവർഷം

അരയ്ക്ക് താഴെ വൈകല്യമുള്ള കുട്ടികൾക്കുള്ള യാത്രാ സഹായിക്ക് 750 രൂപ പ്രതിവർഷം, വായനാസഹായിക്ക് 500 രൂപ പ്രതിവർഷം.

2. ഉപകരണങ്ങൾ : വീൽ ചെയർ, കണ്ണട, കാലിപ്പർ, ഷൂ, ശ്രവണ സഹായി മുതലായവ ഡോക്ടറുടെ നിർദ്ദേശപ്രകാരം നല്കുന്നു.

3. പരീക്ഷയിലും സിലബസിലും ഉള്ള ആനുകൂല്യങ്ങൾ :

1. ബധിരരായ കുട്ടികളെ രണ്ടും മൂന്നും ഭാഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
2. ഓരോ വിഷയത്തിനും 25% ഗ്രേസ് മാർക്ക് നൽകുന്നു.
3. ഹിന്ദി, ഇംഗ്ലീഷ് മുതലായവയ്ക്ക് പകരം കമ്പ്യൂട്ടർ, പൂന്തോട്ടം നിർമ്മിക്കൽ, പച്ചക്കറി കൃഷി, ഡ്രോയിംഗ് ഇതിലേതെങ്കിലും തെരഞ്ഞെടുക്കാവുന്നതാണ്.
4. കാഴ്ചക്കുറവുള്ള കുട്ടികൾക്ക് പരീക്ഷ എഴുതാനായി സഹായിയെ നൽകുന്നു.
5. പരീക്ഷയ്ക്ക് ഒരുമണിക്കൂർ സമയം കൂടുതൽ നൽകുന്നു.
6. ജ്യോമട്രി, ചിത്രരചന മുതലായവയിൽ നിന്നും അവരെ ഒഴിവാക്കിയിട്ടുണ്ട്.

അനുബന്ധം II (1)

[ചോദ്യം 30 (*270) കാണുക]

പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകങ്ങൾ

1.	അയിരുപാറ, തിരുവനന്തപുരം	–	മടവൂർപാറ ഗുഹാക്ഷേത്രം
2.	ഒറ്റൂർ, ചിറയിൻകീഴ് തിരുവനന്തപുരം	–	തിരുനാരായണപുരം, വിഷ്ണുക്ഷേത്രം
3.	ആറാമട, തിരുവനന്തപുരം	–	ത്രിവിക്രമംഗലം ക്ഷേത്രം
4.	നേമം, തിരുവനന്തപുരം	–	നീറമൺകര ക്ഷേത്രം
5.	വഞ്ചിയൂർ, തിരുവനന്തപുരം	–	കിഴക്കേകോട്ട മതിലുകൾ
6.	കോട്ടുകാൽ, നെയ്യാറ്റിൻകര തിരുവനന്തപുരം	–	വിഴിഞ്ഞം ഭഗവതിക്ഷേത്രം
7.	മാറനല്ലൂർ, നെയ്യാറ്റിൻകര തിരുവനന്തപുരം	–	വിഷ്ണുക്ഷേത്രം, അരുവിക്കര

LIBRARY ARCHIVES Kerala Legislative Assembly

8.	നെയ്യാറ്റിൻകര, തിരുവനന്തപുരം	–	അമ്മച്ചിപ്ലാവ്
9.	കോയിക്കൽ കൊട്ടാരം, നെടുമങ്ങാട്, തിരുവനന്തപുരം	–	കോയിക്കൽ കൊട്ടാരം
10.	ഏനാദിമംഗലം, അടൂർ, കൊല്ലം	–	മഹാശിലായുഗം സ്മാരകം, പോത്തൻകര
11.	ഇടവ, കൊട്ടാരക്കര, കൊല്ലം	–	കോട്ടുകാൽ ഗുഹാക്ഷേത്രം, ചടയമംഗലം
12.	മീനാട്, കൊല്ലം	–	ചാത്തരത്തുക്ഷേത്രം, ചാത്തന്നൂർ
13.	കരുനാഗപ്പള്ളി, കൊല്ലം	–	ബുദ്ധവിഗ്രഹം കരുനാഗപ്പള്ളി
14.	കവിയൂർ, തിരുവല്ല, ആലപ്പുഴ	–	ത്രിക്കാക്കുടി, ഗുഹ
15.	മാവേലിക്കര, ആലപ്പുഴ	–	ബുദ്ധവിഗ്രഹം മാവേലിക്കര
16.	അമ്പലപ്പുഴ	–	ബുദ്ധവിഗ്രഹം, കരുമാടി
17.	ഭരണിക്കാവ്, മാവേലിക്കര	–	ബുദ്ധവിഗ്രഹം, ഭരണിക്കാവ്
18.	വടക്കേകര, ചെങ്ങന്നൂർ ആലപ്പുഴ	–	നരസിംഹക്ഷേത്രം, ചാത്തൻകുളങ്ങര
19.	കൃഷ്ണപുരം, കാർത്തികപ്പള്ളി ആലപ്പുഴ	–	കൃഷ്ണപുരം കൊട്ടാരം, കായംകുളം
20.	തൊടുപുഴ, എറണാകുളം	–	കാരിക്കോട്, അണ്ണാമല നാദരുക്ഷേത്രം
21.	ചേന്നമംഗലം ഗ്രാമം, എറണാകുളം	–	ശിലാലിഖിതം
22.	ചേന്നമംഗലം ഗ്രാമം എറണാകുളം	–	പള്ളിപ്പുറംകോട്ട
23.	ചേന്നമംഗലം ഗ്രാമം എറണാകുളം	–	മണ്ണുമ്ര ക്ഷേത്രം
24.	അസമന്നൂർ കുന്നത്തുനാട്, എറണാകുളം	–	കല്ലിൽ ഗുഹാക്ഷേത്രം
25.	ചേന്നമംഗലം, എറണാകുളം	–	കോട്ടയിൽ കോവിലകം
26.	ചേന്നമംഗലം, എറണാകുളം	–	വൈപ്പിൽകോട്ട സെമിനാരി
27.	പറവൂർ, എറണാകുളം	–	ശിലാലിഖിതം
28.	പോർക്കളം, തലപ്പിള്ളി, തൃശ്ശൂർ	–	പോർകുളം മുനിയറ
29.	മേതല, തലപ്പള്ളി, തൃശ്ശൂർ	–	കീഴതിൽക്ഷേത്രം
30.	തൃശ്ശൂർ, തൃശ്ശൂർ	–	രണ്ടു വിഗ്രഹങ്ങൾ
31.	തൃശ്ശൂർ	–	വടക്കേചിറ പാലസ് കോമ്പൗണ്ട്
32.	തൃശ്ശൂർ	–	വടക്കേചിറ പാലസ് കോമ്പൗണ്ട്
33.	തൃശ്ശൂർ	–	ഒരു സ്മാരകം
34.	മേലേകൊടുങ്ങല്ലൂർ, തൃശ്ശൂർ	–	പാലസ് സൈറ്റ്
35.	കുനാമൂച്ചി, തലപ്പള്ളി, തൃശ്ശൂർ	–	അരിയന്നൂർ ക്ഷേത്രം

LIBRARY ARCHIVES Kerala Legislative Assembly

36.	കിഴക്കുമുറി, മുകുന്ദപുരം, തൃശ്ശൂർ	–	നെടുകോട്ട
	തെക്കുമുറി, മുകുന്ദപുരം, തൃശ്ശൂർ	–	നെടുകോട്ട
37.	കുറ്റൂർ, തൃശ്ശൂർ	–	ശിലായുഗം
38.	തൃശ്ശൂർ	–	പടിഞ്ഞാറേകോട്ട
39.	തൃശ്ശൂർ	–	കിഴക്കേകോട്ട
40.	തൃശ്ശൂർ	–	ടിപ്പുവിന്റെ കൊടിമരം
41.	കൊടശ്ശേരി വനമേഖല	–	1. മുനിയറ
			2. മുനിയറ – പുതുപാറ
			3. മുനിയറ – തിരുവിതാംകൂർ ലൈൻ, പുതുപാറ
	പാലപ്പള്ളി സബ്റേഞ്ച്		
	കൊടശ്ശേരി എച്ചിപാറ		
	കൊറമല ബീറ്റ്		
	നെൻമാറ		
	പരവടാനി		
42.	കല്ലേറ്റുകര മുകുന്ദപുരം, തൃശ്ശൂർ	–	
43.	വേലൂക്കര, മുകുന്ദപുരം, തൃശ്ശൂർ	–	ക്ഷേത്രപ്രവേശം
44.	വിളവട്ടം, തൃശ്ശൂർ	–	മുനിയറ
45.	കോട്ടപ്പുറം തലപ്പള്ളി, തൃശ്ശൂർ	–	ചരിത്രാതീത ഗുഹ
46.	പുഴക്കൻ തലപ്പള്ളി, തൃശ്ശൂർ	–	മഹാശിലായുഗം
47.	കാർളം	–	പോർട്ടു ഫോർ സിസ്റ്റ്
48.	ത്രിക്കൂർ, മുകുന്ദപുരം	–	മഹാദേവക്ഷേത്രം
49.	മുകുന്ദപുരം തലപ്പിള്ളി, തൃശ്ശൂർ	–	ഇരുനിലക്കോട് ക്ഷേത്രം
50.	തൃശ്ശൂർ	–	പഴയകോട്ടമതിലുകൾ
51.	മൂലകുന്നത്തുകാവ് തലപ്പിള്ളി, തൃശ്ശൂർ	–	മഹാശിലായുഗം
52.	പത്മനാഭപുരം, തക്കല	–	
53.	വൈക്കം, വടയാർ, കോട്ടയം	–	പുണ്ഡതീകപുരം ദേവസ്വം
54.	നാഗലശ്ശേരി, ഒറ്റപ്പാലം, പാലക്കാട്	–	കാട്ടിൽമാഠം
55.	മറയൂർ, ഇടുക്കി	–	എഴുത്തുപാറ
56.	മംഗളാദേവി	–	ശിലാക്ഷേത്രം
57.	ചെമ്മാൻചെറി, കൊയിലാണ്ടി, കോഴിക്കോട്	–	കാപ്പാട്
58.	പഴയോളി, കോഴിക്കോട്	–	കുഞ്ഞാലിമരയ്ക്കാർ ഭവനം
59.	മുഴിയാർ വില്ലേജ്, കാസർഗോഡ്	–	പൊയ്യിൻകോട്ട
60.	കല്ലോട് വില്ലേജ്	–	ചന്ദ്രഗിരി കോട്ട
61.	മാനന്തവാടിഗ്രാമം, വയനാട്	–	പഴശ്ശികുടീരം പ്രോജക്ട്

LIBRARY ARCHIVES Kerala Legislative Assembly

62.	നെൻമെനി വില്ലേജ്, സുൽത്താൻ ബത്തേരി	-	ഇടയ്ക്കൽ ഗുഹ
63.	പെരുങ്കടവിള ഗ്രാമം, നെയ്യാറ്റിൻകര	-	പാണ്ഡവൻപാറ
64.	വഞ്ചിയൂർ വില്ലേജ്, തിരുവനന്തപുരം	-	കോട്ടമതിലുകൾ പത്മനാഭസ്വാമി ക്ഷേത്രം
65.	വിഴിഞ്ഞം	-	അയ്പ്പിള്ള ആശാൻ സ്മാരകം
66.	വിഴിഞ്ഞം ഗ്രാമം, നെയ്യാറ്റിൻകര	-	
67.	പുനലൂർ വില്ലേജ്, പത്തനാപുരം താലൂക്ക്	-	പുനലൂർ തൂക്കുപാലം
68.	ഫറോക്ക്, കോഴിക്കോട്	-	ടിപ്പുസുൽത്താൻ പോർട്ടു പറമുക്ക്
69.	തൃശ്ശൂർ	-	ശക്തൻ തമ്പുരാൻ മ്യൂസിയം
70.	കോട്ടക്കൽ വില്ലേജ്, ഏറനാട് താലൂക്ക്	-	ശ്രീ വെങ്കിട്ടവിഹാർ ക്ഷേത്രം (ശിവക്ഷേത്രം)
71.	തലൈപറമ്പ് താലൂക്ക്, കണ്ണൂർ	-	ഏഴുമല കോട്ട, എട്ടിക്കുളം
72.	വഞ്ചിയൂർ ഗ്രാമം, തിരുവനന്തപുരം	-	ശ്രീവിദ്യാധിരാജ ചട്ടമ്പി സ്വാമികൾ
73.	മങ്ങാട് വില്ലേജ്, കൊല്ലം	-	മാടൻകാവ്
74.	ആലുവ താലൂക്ക്, ആലുവ പടിഞ്ഞാറേ ഗ്രാമം	-	ഓർഡ് കച്ചേരി
75.	പിറവം വില്ലേജ്, മൂവാറ്റുപുഴ, എറണാകുളം	-	പാഴൂർ പെരും തൃക്കോവിൽ ക്ഷേത്രം
76.	തൊടിക്കുളം ദേശം, തലശ്ശേരി	-	കണ്ണവം, തൊടിക്കുളം ശിവക്ഷേത്രം
77.	വെല്ലൂർ ഗ്രാമം, തലപ്പള്ളി താലൂക്ക്, തൃശ്ശൂർ	-	അർണോസ് പാതിരിയുടെ ഭവനം
78.	കൊയിലാണ്ടി താലൂക്ക് കോഴിക്കോട്, നെച്ചാട് വില്ലേജ്	-	കർപത്തൂർ പരദേവതക്ഷേത്രം
79.	കൊടുങ്ങല്ലൂർ വില്ലേജ്, വടക്കൻപറവൂർ, എറണാകുളം	-	ഉളിയന്നൂർ മഹാദേവക്ഷേത്രം
80.	മട്ടാഞ്ചേരി ഗ്രാമം, എറണാകുളം താലൂക്ക്		
81.	പീലിക്കോട് ഗ്രാമം ഹോസ്ദുർഗ്ഗ് കാസർഗോഡ്	-	പീലിക്കോട് ഗുഹ
82.	മേമുറി വില്ലേജ് മൂവാറ്റുപുഴ, എറണാകുളം	-	ഊരമന ക്ഷേത്രം
83.	അങ്കമാലി ഗ്രാമം, ആലുവ താലൂക്ക്, എറണാകുളം	-	തിരുനായ്ക്കോട് ശിവനാരായണ ക്ഷേത്രം

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II (2)

[ചോദ്യം 30 (*270) കാണുക]

മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും വകുപ്പു സംരക്ഷിക്കുന്നതുമായ സ്മാരകങ്ങൾ

1. മടവൂർപ്പാറ ഗുഹാക്ഷേത്രം, അയിരൂർപ്പാറ, തിരുവനന്തപുരം.
2. തിരുനാരായണപുരം വിഷ്ണു ക്ഷേത്രം, ഒറ്റൂർ, ചിറയിൻകീഴ്, തിരുവനന്തപുരം.
3. ത്രിവിക്രമംഗലം ക്ഷേത്രം, ആറാമട, തിരുവനന്തപുരം.
4. നീറമൺകര ക്ഷേത്രം, നേമം, തിരുവനന്തപുരം.
5. വിഴിഞ്ഞം ഭഗവതിക്ഷേത്രം, നെയ്യാറ്റിൻകര, തിരുവനന്തപുരം.
6. വിഷ്ണു ക്ഷേത്രം,അരുവിക്കര, നെയ്യാറ്റിൻകര, തിരുവനന്തപുരം.
7. കോട്ടുകാൽ ഗുഹാക്ഷേത്രം, ചടയമംഗലം, കൊല്ലം
8. ചാത്തരത്ത് ക്ഷേത്രം, ചാത്തന്നൂർ, കൊല്ലം.
9. തൃക്കാക്കുടി ഗുഹാ ക്ഷേത്രം, കവിയൂർ, തിരുവല്ല.
10. നരസിംഹ ക്ഷേത്രം, ചാത്തൻകുളങ്ങര, ചെങ്ങന്നൂർ.
11. കാരിക്കോട് അണ്ണാമല നാഗരു ക്ഷേത്രം, തൊടുപുഴ.
12. രത്തപ്ര ക്ഷേത്രം, എറണാകുളം.
13. കല്ലിൽ ഗുഹാക്ഷേത്രം, കുന്നത്തുനാട്, എറണാകുളം.
14. കീഴ്താളി ക്ഷേത്രം, തലപ്പള്ളി, തൃശ്ശൂർ.
15. അരിയന്നൂർ ക്ഷേത്രം, തലപ്പള്ളി, തൃശ്ശൂർ.
16. ടെമ്പിൾ സൈറ്റ്, വേലുക്കര, മുകുന്ദപുരം, തൃശ്ശൂർ.
17. മഹാദേവ ക്ഷേത്രം, തൃശ്ശൂർ, മുകുന്ദപുരം.
18. ഇരുനില്ക്കോട് ക്ഷേത്രം, തലപ്പള്ളി, തൃശ്ശൂർ.
19. പുണ്ഡരീകപുരംദേവസ്വം, വൈക്കം, കോട്ടയം.
20. മംഗളാദേവി ക്ഷേത്രം, കുമളി, ഇടുക്കി.
21. ശ്രീവെങ്കിടതേവർശിവക്ഷേത്രം, ഏറനാട്, മലപ്പുറം.
22. പാഴൂർ പെരുംതൃക്കോവിൽ ക്ഷേത്രം, പിറവം, മൂവാറ്റുപുഴ.
23. കണ്ണവം തൊടീക്കളം ശിവക്ഷേത്രം, കണ്ണൂർ.
24. കൽപ്പത്തൂർ പരദേവത ക്ഷേത്രം, കൊയിലാണ്ടി, കോഴിക്കോട്.
25. ഉളിയന്നൂർ മഹാദേവക്ഷേത്രം, കൊടുങ്ങല്ലൂർ, എറണാകുളം.
26. ഊരമന ക്ഷേത്രം,മൂവാറ്റുപുഴ, എറണാകുളം.
27. തിരുനായക്കോട് ശിവനാരായണ ക്ഷേത്രം, അങ്കമാലി, എറണാകുളം.
28. പഴയ കച്ചേരി മാളിക, യു.സി. കോളേജ്, ആലുവ.

LIBRARY ARCHIVES Kerala Legislative Assembly